# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5548 — 06.07.2012-ൽ മറുപടിക്ക്

### അന്യ സംസ്ഥാന തൊഴിലാളികളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ..എ. അസീസ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ വന്ന അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ നാളിതുവരെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നാളിതുവരെ 27,790 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നു.<br><br>തിരുവനന്തപുരം 949<br>കൊല്ലം 598<br>പത്തനംതിട്ട 2044<br>ആലപ്പുഴ 1653<br>കോട്ടയം 1541<br>ഇടുക്കി 740<br>എറണാകുളം 5388<br>തൃശ്ശൂർ 2010<br>പാലക്കാട് 1996<br>മലപ്പുറം 1070<br>കണ്ണൂർ 4473<br>വയനാട് 1759<br>കോഴിക്കോട് 1449<br>കാസർകോട് 2120<br>ആകെ 27790 |
| (ബി) അന്യ സംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) അന്യ സംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് തടയുന്ന വിഷയം തൊഴിൽ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. |

സെക്ഷൻ ആഫീസർ